**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.5227

27.7.2015-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## കുത്തകപാട്ട ഭൂമിക്ക് പട്ടയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ ഏലം കൃഷിക്കുവേണ്ടി എത്ര ഹെക്ടർ സ്ഥലമാണ് കുത്തകപാട്ട വ്യവസ്ഥയിൽ അനുവദിച്ച് നൽകിയിട്ടുള്ളത്; | (എ) 12478.7535 ഹെക്ടർ സ്ഥലം ഏലം കൃഷിക്കായി കുത്തകപ്പാട്ട വ്യവസ്ഥയിൽ അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (ബി) കുത്തകപാട്ടം പുതുക്കി കൊടുക്കുന്നതിന് എന്തെങ്കിലും തടസ്സം നില്ക്കുന്നുണ്ടോ; | (ബി) ഉണ്ട്. ഈ വിഷയം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള 202/95 നമ്പർ റിട്ട് ഹർജി തീർപ്പാക്കിയിട്ടില്ല. എന്നാൽ സ്പൈസസ് ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭിക്കുന്നതിനായി ഒ.പി നം. 10352/97 ലെ 33392/00 സി.എം.പി-യിൽ ബഹു. കേരള ഹൈക്കോടതി 01/08/2000 ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കി നൽകാത്ത കേസുകളിലും പാട്ടകക്ഷികളിൽ നിന്നും പാട്ടത്തുകയും പ്രീമിയവും ഈടാക്കാവുന്നതാണെന്ന് സർക്കാർ 23/02/2010-ലെ 72355/ഇ2/2002/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (സി) കുത്തകപാട്ട ഭൂമിയിൽ കൃഷി നടത്തുന്ന കർഷകരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) കുത്തകപാട്ട ഭൂമിക്ക് പട്ടയം നൽകുന്ന പക്ഷം ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ സർക്കാരിന് മുദ്ര വിലയും രജിസ്ട്രേഷൻ ഫീസും ഇനങ്ങളിൽ നല്ല വരുമാനം ലഭിക്കുമെന്നതിനാൽ കുത്തകപാട്ട ഭൂമിക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ